596

# കേരള സർക്കാർ

## സംഗ്രഹം

വനം-വന്യജീവി വകുപ്പ്-നോർത്ത് വയനാട് ഡിവിഷനിലെ മാനന്തവാടി റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായിരിക്കെ അനധികൃതമായി ജോലിയിൽ നിന്നും വിട്ട് നിന്നതിന് ശ്രീ.ഒ.ശ്രീനിവാസൻ, ബീറ്റ് ഫോറസ്റ്റ് ഓഫീസറെ-സർവ്വീസിൽ നിന്നും നിർബന്ധിത വിരമിക്കൽ നൽകിയ നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഉത്തരവ് റദ്ദ് ചെയ്തു കൊണ്ട് ഓഫീസ് അറ്റൻഡർ തസ്തികയിലേയ്ക്ക് തരംതാഴ്ത്തി നിയമിച്ച്-റിവ്യൂ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.11/2017/വനം തീയതി, തിരുവനന്തപുരം, 06.01.2017

---

പരാമർശം:- 1) 11.10.2012 ലെ നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഇ 1/5027/2003 നമ്പർ ഉത്തരവ്

2) 28.03.2014 ലെ കണ്ണൂർ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഇ 1/1409/14 നമ്പർ ഉത്തരവ്

3) 12.11.2013 തീയതിയായി ശ്രീ.ഒ.ശ്രീനിവാസൻ സർക്കാരിൽ സമർപ്പിച്ച റിവ്യൂ ഹർജി

4) 16.06.2015 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്റുടെ ഇ 7-1059/14 നമ്പർ കത്ത്

5) ശ്രീ.ഒ.ശ്രീനിവാസൻ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.176/2016 കേസിന്മേലുള്ള 02.02.2016 ലെ വിധിന്യായം

6) 19.12.2016 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ AI(2) 7480/2016/GW നമ്പർ കത്ത്.

## ഉത്തരവ്

നോർത്ത് വയനാട് ഡിവിഷനിലെ മാനന്തവാടി റെയിഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായിരിക്കെ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്തത് കാരണം അച്ചടക്ക നടപടി സ്വീകരിച്ച് ശ്രീ.ഒ.ശ്രീനിവാസനെ സർവ്വീസിൽ നിന്നും നിർബന്ധിത വിരമിക്കൽ നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. അപ്പീൽ അധികാരിയായ കണ്ണൂർ ഉത്തരമേഖല ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ശ്രീ.ഒ.ശ്രീനിവാസന്റെ വാദങ്ങൾ കേട്ടും സാക്ഷിമൊഴികൾ, രേഖകൾ എന്നിവ പരിശോധിച്ചും ഉചിത ഉത്തരവ് പുറപ്പെടുവിക്കുവാൻ ശിക്ഷണാധികാരിയായ നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകി പരാമർശം (2) പ്രകാരം ഉത്തരവായി.

2. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.ഒ.ശ്രീനിവാസന് ടിയാന്റെ വാദങ്ങൾ നേരിൽ കേൾക്കുവാനും തെളിവുകൾ, സാക്ഷികൾ എന്നിവ ഹാജരാക്കുന്നതിനും ഒരു

അവസരം കൂടി ശിക്ഷണാധികാരി നൽകുകയുണ്ടായി. എന്നാൽ അവധി അപേക്ഷ സമർപ്പിക്കാതെയും മുൻകൂർ അനുമതി വാങ്ങാതെയും ജോലിയിൽ നിന്നും വിട്ടുനിന്ന 21.03.2011 മുതൽ 17.04.2011 വരെയുള്ള കാലയളവിലും അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന 17.04.2011 മുതലുള്ള കാലയളവിലോ ടിയാൻ എവിടെയെങ്കിലും ചികിത്സ തേടിയതായ രേഖകളൊന്നും തന്നെ ഹാജരാക്കാൻ ടിയാന് കഴിഞ്ഞില്ല. കൂടാതെ സർക്കാരിനെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ 21.03.2011 ന് ടിയാൻ ഡോക്ടറെ കണ്ടിരുന്നു എന്നതിന് രേഖകളിൽ കൃത്രിമം കാണിച്ച് സമർപ്പിക്കുകയാണ് ചെയ്തത് എന്ന് കണ്ടതിനാൽ ടിയാനെ പിരിച്ചു വിട്ടുകൊണ്ടുള്ള ഉത്തരവ് പുന:പരിശോധിക്കേണ്ടതില്ല എന്ന് തീരുമാനിച്ച് നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഉത്തരവായി. പിരിച്ചുവിട്ട നടപടി പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം ശ്രീ.ഒ.ശ്രീനിവാസൻ റിവ്യൂ ഹർജി സമർപ്പിച്ചു.

3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ടിയാന്റെ സേവനപുസ്തകം ഉൾപ്പെടെ വിശദമായ റിപ്പോർട്ട് പരാമർശം (4) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. ടി റിപ്പോർട്ടും സേവന പുസ്തകവും ചികിത്സ രേഖകളും പരിശോധിച്ചതിൽ അനധികൃതമായി പല തവണ ടിയാൻ ജോലിയിൽ നിന്നും വിട്ടു നിന്നിട്ടുണ്ടെന്നും ആയതിന് തക്കതായ കാരണങ്ങളോ തെളിവുകളോ ടിയാൻ സമർപ്പിച്ചിട്ടില്ലാത്തതുമാണെന്ന് കാണുകയുണ്ടായി.

4. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നോർത്ത് വയനാട് മുമ്പാകെ നേരിൽ ഹാജരാകാൻ നിർദ്ദേശിച്ചപ്പോൾ ടിയാൻ എഴുതി തയ്യാറാക്കിയ സ്റ്റേറ്റ്മെന്റും ചികിത്സാരേഖകളും ഹാജരാക്കുകയായിരുന്നു. അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിന്ന കാലയളവിലെ രേഖകളൊന്നും തന്നെ അതിൽ ഉൾപ്പെടുത്തിയിരുന്നില്ല. ചികിത്സാരേഖകൾ ഹാജരാക്കുന്നതിനായി ടിയാൻ നോട്ടീസ് നൽകുകയും അതിന് ചികിത്സ തേടിയിരുന്ന ആശുപത്രിയിലെ ഒരു ഡോക്ടറുടെ സാക്ഷ്യപത്രം ടിയാൻ ഹാജരാക്കുകയും ചെയ്തിരുന്നു. പ്രസ്തുത സാക്ഷ്യപത്രത്തിന്റെ ആധികാരികത വ്യക്തമാക്കുന്നതിനായി ചികിത്സ നടത്തിയ രേഖകളുടെ അസ്സൽ ഹാജരാക്കുന്നതിന് നോട്ടീസ് നൽകുകയും ടിയാൻ 17.03.2011 മുതൽ 05.03.2012 വരെയുള്ള അമൃതകൃപ ചാരിറ്റബിൾ ഹോസ്പിറ്റലിന്റെ ഒ.പി.ടിക്കറ്റിന്റെ അസ്സൽ ഹാജരാക്കുകയുണ്ടായി. അത് പരിശോധിച്ചതിൽ 17.03.2011 ന് ശേഷം 30.06.2011 നാണ് ടിയാൻ ചികിത്സ തേടിയിട്ടുള്ളത്. എന്നാൽ ടി മെഡിക്കൽ സർട്ടിഫിക്കറ്റിൽ 21.03.2011 ന് ടിയാൻ ചികിത്സ തേടി എന്ന് കാണിക്കുന്നതിനായി 17.03.2011 ലെ ഡോക്ടറുടെ പരിശോധന കുറിപ്പിന് ശേഷം മരുന്നുകൾ കുറിച്ചതിന് തൊട്ടുമുകളിലായി 21/3 എന്നു രേഖപ്പെടുത്തി 21.03.2011 ന് ടിയാൻ ചികിത്സയ്ക്കായി ഡോക്ടറെ സമീപിച്ചുവെന്ന് തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ സർട്ടിഫിക്കറ്റ് ഹാജരാക്കുകയാണുണ്ടായതെന്ന് മാനന്തവാടി നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കണ്ടെത്തിയെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് ചെയ്തു.

5. മേൽ വസ്തുതകൾ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ഒ.ശ്രീനിവാസനെ 20.03.2011 തീയതി പ്രാബല്യത്തിൽ നിർബന്ധിത പെൻഷൻ നൽകി സർവ്വീസിൽ നിന്നും പിരിച്ചു വിട്ട മാനന്തവാടി നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പരാമർശം (1) ലെ ഉത്തരവ് മാനന്തവാടി നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ്

ഓഫീസർ പുനരന്വേഷണ വിചാരണ നടത്തി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുകയാണുണ്ടായിട്ടുള്ളത് എന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് ചെയ്തു.

6. വസ്തുതകൾ പരിശോധിച്ചതിൽ ശ്രീ.ഒ.ശ്രീനിവാസനെ നിർബന്ധിത പെൻഷൻ നൽകി സർവ്വീസിൽ നിന്നും പിരിച്ചുവിട്ട മാനന്തവാടി നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നടപടിയിൽ അപാകതയില്ലായെന്നും ശ്രീ.ഒ.ശ്രീനിവാസനെ ജോലിയിൽ പുന:പ്രവേശിപ്പിക്കുകയാണെങ്കിൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന ടിയാന്റെ മുൻകാല പ്രവണത വീണ്ടും തുടരുമെന്നും അത് വനസംരക്ഷണത്തെ സാരമായി ബാധിക്കുമെന്നും മറ്റ് ജീവനക്കാരുടെ അച്ചടക്കത്തെയും കാര്യക്ഷമതയെയും പ്രതികൂലമായി ബാധിക്കുമെന്നും അതിനാൽ ശ്രീ.ഒ.ശ്രീനിവാസന്റെ പുന:പരിശോധനാ ഹർജി തള്ളിക്കളയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് ചെയ്തു.

7. ശ്രീ.ഒ.ശ്രീനിവാസൻ വയനാട് ജില്ലയിലെ ഏറ്റവും അപരിഷ്കൃതവും സാമൂഹ്യമായി ഏറ്റവും പിന്നോക്കം നിൽക്കുന്നതുമായ വിഭാഗത്തിൽപ്പെട്ട പട്ടിക വർഗ്ഗത്തിലെ അംഗമാണ് എന്നും ജോലി നഷ്ടപ്പെട്ടതിന് ശേഷം കുടുംബം പോറ്റുവാൻ ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസം ലഭിക്കുന്ന കൂലിപ്പണി മാത്രമാണ് ആശ്രയം എന്നും പിരിച്ച് വിടാൻ തക്കതായ യാതൊരു കുറ്റവും ചെയ്യാത്ത തന്നെ സർവ്വീസിൽ മുൻകാല പ്രാബല്യത്തോടെ തിരിച്ചെടുക്കണം എന്നും നേർ വിചാരണ നടത്തുന്നുവെങ്കിൽ തിരുവനന്തപുരം വരെ വന്ന് പോരുവാനുള്ള സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് അത് കൽപ്പറ്റ സിവിൽ സ്റ്റേഷനിൽ വച്ച് നടത്തുവാനുള്ള സാഹചര്യം ഒരുക്കണം എന്നും റിവ്യൂ ഹർജിയിൽ അപേക്ഷിക്കുകയുണ്ടായി.

8. അതേസമയം സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കണമെന്നാവശ്യപ്പെട്ട് ടിയാൻ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ.176/16 ഫയൽ ചെയ്യുകയുണ്ടായി. പരാമർശം (5) പ്രകാരമുള്ള വിധിന്യായ പ്രകാരം ടിയാനെ നേരിൽ കേട്ടശേഷം റിവ്യൂ ഹർജിയിൽ തീരുമാനമെടുക്കണമെന്ന് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

9. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിലെ നിർദ്ദേശപ്രകാരം 28.03.2016 നും 15.07.2016 നും ശ്രീ.ഒ.ശ്രീനിവാസനെ നേരിൽ കേൾക്കുകയും അന്നേ ദിവസം ടിയാൻ നിയോഗിച്ച അഡ്വക്കേറ്റ് മുഖാന്തിരം തന്റെ വാദങ്ങൾ സർക്കാരിനു മുന്നിൽ അവതരിപ്പിക്കുകയും ചെയ്തു.

10. ഹിയറിംഗിന്റെ ഭാഗമായി ഈ വിഷയം പുന:പരിശോധിച്ചു കൊണ്ട് നിർബന്ധിത വിരമിക്കലിൽ നിന്നും ഒഴിവാക്കി ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിന്നും പ്യൂൺ തസ്തികയിലേയ്ക്ക് ടിയാനെ തരംതാഴ്ത്തി പുന:പ്രവേശിപ്പിക്കാൻ സർക്കാർ താൽക്കാലിക തീരുമാനം കൈക്കൊണ്ടതായി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ സർക്കാർ ഫയൽ ചെയ്ത എക്സ്റ്റൻഷൻ പെറ്റീഷനിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ, പ്രസ്തുത തീരുമാനം തന്നെ നടപ്പിൽ വരുത്തണമെന്ന് ടിയാൾക്കുവേണ്ടി അഡ്വക്കേറ്റ് അഭ്യർത്ഥിക്കുകയുണ്ടായി. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പുറപ്പെടുവിച്ച ഉത്തരവിനെതിരെ പരാതിക്കാരൻ നൽകിയ അപ്പീൽ വീണ്ടും അതേ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തന്നെ തീർപ്പാക്കിയത് നീതിയുക്തമല്ല എന്നും അതിന് മുകളിലുള്ള അധികാരിയാണ്

തീരുമാനമെടുക്കേണ്ടിയിരുന്നതെന്നും ഇത്തരത്തിൽ സർവ്വീസിൽ നിന്നും നിർബന്ധിത പെൻഷൻ നൽകിക്കൊണ്ടുള്ള കഠിന ശിക്ഷ നൽകിയത് വഴി സ്വാഭാവിക നീതിനിഷേധമാണ് ഉണ്ടായതെന്നും ടിയാൻ അറിയിച്ചു. കൂടാതെ ആദിവാസികൾക്ക് തൊഴിലവസരങ്ങൾ നൽകി അവരെ മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളിലേയ്ക്ക് നയിക്കുക എന്നതാണ് എല്ലാക്കാലത്തും സർക്കാരുകളുടെ നയമെന്നിരിക്കെ പ്രസ്തുത വിഭാഗത്തിൽ നിന്നും ഒരു വ്യക്തിയെ സർവ്വീസിൽ നിന്നും നിർബന്ധിത പെൻഷൻ നൽകി കഠിനശിക്ഷ അനുവദിച്ചത് പുന:പരിശോധിക്കണമെന്നും, ടിയാന്റെ കുടുംബത്തിന്റെ ദയനീയ സ്ഥിതി കണക്കിലെടുത്ത് മാനുഷിക പരിഗണനയിൽ ഒരു പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട് പ്യൂൺ തസ്തികയിൽ നിയമനം അനുവദിക്കണമെന്നും അപേക്ഷിച്ചു.

11. എന്നാൽ ടിയാനെതിരെ ഇതിന് മുമ്പും പലതവണ അനധികൃത ഹാജരില്ലായ്മയുടെ പേരിൽ അച്ചടക്കനടപടികൾ കൈക്കൊള്ളുകയും എന്നാൽ ആയതുതന്നെ ആവർത്തിക്കുന്നത് വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്നും ഇപ്പോൾ നൽകിയിട്ടുള്ള ശിക്ഷാ നടപടി ഉചിതമായിട്ടുള്ളതാണെന്നും വനം വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. കൂടാതെ ഓഫീസ് അറ്റൻഡന്റ് ആയി സർവ്വീസിൽ പ്രവേശിച്ച ശ്രീനിവാസൻ ബൈട്രാൻസ്ഫർ മുഖേനയാണ് ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ പ്രവേശിച്ചിട്ടുള്ളത്, എന്നതിനാൽ തിരികെ ഓഫീസ് അറ്റൻഡന്റ് ആയി നിയമിക്കുവാൻ നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ പ്രകാരം അനുവദനീയമല്ലെന്നും അറിയിക്കുകയുണ്ടായി.

12. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ആശ്രിത നിയമനം വഴി സർവ്വീസിൽ പ്രവേശിച്ച ശ്രീ.ഒ.ശ്രീനിവാസൻ തന്റെ സർവ്വീസിലുടനീളം അനധികൃത ഹാജരില്ലായ്മയും അച്ചടക്കരാഹിത്യവും പുലർത്തിയിരുന്നതായി കാണാൻ കഴിഞ്ഞു. എന്നിരിക്കിലും ആരോഗ്യപരമായ കാരണങ്ങളാൽ ഫോറസ്റ്റ് ഗാർഡ് തസ്തികയിലേയ്ക്ക് താൻ യോഗ്യനല്ലെന്നും, ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തരംതാഴ്ത്തി പുനർനിയമനം നൽകണമെന്നുമുള്ള ടിയാന്റെ അപേക്ഷ കണക്കിലെടുത്തും, ആദിവാസി സമൂഹത്തിൽപ്പെട്ട വ്യക്തിയെന്ന നിലയിലും രോഗിയെന്ന നിലയിലുമുള്ള പരിഗണന നൽകിയും ടിയാനെ സർവ്വീസിൽ നിന്നും പിരിച്ചു വിട്ട നടപടി പുന:പരിശോധിച്ചുകൊണ്ട് ശ്രീ.ശ്രീനിവാസനെ സർവ്വീസിൽ തരംതാഴ്ത്തുക എന്ന കഠിന ശിക്ഷ, 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (v) ന് താഴെയുള്ള കുറിപ്പുകൾ I, IA പ്രകാരം നൽകുവാൻ സർക്കാർ താൽക്കാലികമായി തീരുമാനിക്കുകയും ആയതിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടുകയും ചെയ്തു. ശ്രീ.ഒ.ശ്രീനിവാസനെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നത് സംബന്ധിച്ച് ബഹു.കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ടി കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ ശ്രീ.ശ്രീനിവാസനെ കേരള സിവിൽ സർവ്വീസ് റൂൾസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും) 1960 ലെ ചട്ടങ്ങളിലെ ചട്ടം റൂൾ 11 (v)1, 1എ പ്രകാരം റൂൾ 34 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ തരംതാഴ്ത്തുക എന്ന കഠിന ശിക്ഷ നൽകുവാനുള്ള തീരുമാനത്തോട് യോജിക്കുകയും അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്തു.

13. ശ്രീ.ഒ.ശ്രീനിവാസൻ സമർപ്പിച്ച റിവ്യൂ ഹർജി 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 34 പ്രകാരം

പരിഗണിച്ച് കൊണ്ട് ടിയാനെ നിർബന്ധിത പെൻഷൻ നൽകി സർവ്വീസിൽ നിന്നും പിരിച്ചു വിട്ട മാനന്തവാടി നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പരാമർശം (1) ലെ ഉത്തരവ് റദ്ദാക്കി കേരള സിവിൽ സർവ്വീസ് റൂൾസ് 1960 ലെ ചട്ടം 11 (v) ന് താഴെയുള്ള കുറിപ്പുകൾ 1, 1എ പ്രകാരവും ചട്ടം 34 പ്രകാരവും ടിയാനെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിന്നും ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തരം താഴ്ത്തി റിവ്യൂ ഹർജി തീർപ്പാക്കി ഇതിനാൽ ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

നാസറുദ്ദീൻ എ

അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)

ശ്രീ.ഒ.ശ്രീനിവാസൻ(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരള തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ